**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3326** **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കലോത്സവങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾ കലോത്സവങ്ങൾ സമഗ്രമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (എ) | ഉണ്ട്. നിലവിലെ കേരള സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിച്ചത് 2017 ലാണ്. അതിനുശേഷം വിദ്യാഭ്യാസ രംഗത്തും കലാമത്സര രംഗത്തും നിരവധി മാറ്റങ്ങൾ ഉണ്ടായിട്ടുള്ളതിനാൽ കലോത്സവ മാന്വൽ സമഗ്രമായി പരിഷ്ക്കരിക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും മാന്വൽ പരിഷ്കരണ കമ്മിറ്റിയും സബ് കമ്മിറ്റിയും രൂപീകരിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു. തുടർന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, വി.എച്ച്.എസ്.ഇ. അഡീഷണൽ ഡയറക്ടർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗങ്ങൾ മൂന്ന് മേഖലകളായി വിളിച്ച് ചേർത്ത് ഈ വിഷയത്തിൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടിയിരുന്നു. വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നും ലഭിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ഈ വർഷം തന്നെ നിലവിലെ കേരള സ്കൂൾ കലോത്സവ മാന്വൽ സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ